തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**SOC PCW 2403**

# സോഷ്യോളജി

## പരമ്പരാഗത തൊഴിൽസമുദായങ്ങൾ: സമൂഹശാസ്ത്രവീക്ഷണത്തിൽ

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.**

**(8x5 = 40)**

1. ജാതി, തൊഴിൽ, സ്വത്വം എന്നീ സങ്കൽപ്പങ്ങൾ തമ്മിലുള്ള ബന്ധം ഇന്ത്യൻ സാമൂഹ്യസാഹചര്യങ്ങളോട് ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

2. എന്താണ് കനപ്പെട്ട വിവരണം (Thick Description)?

3. ആന്ദ്രെ ബെത്തെയുടെ വീക്ഷണത്തിൽ നിന്നുകൊണ്ട് സാമൂഹിക ഘടന, സാമൂഹിക വർഗ്ഗീകരണം എന്നീ ആശയങ്ങൾ വിശദമാക്കുക.

4. മെക്കാനിക്കൽ സോളിഡാരിറ്റി, ഓർഗാനിക്സോളിഡാരിറ്റിഎന്നീ ആശയങ്ങൾ വിവരിക്കുക.

5. ഇന്ത്യൻ ഗ്രാമങ്ങൾ സ്വയംപര്യാപ്തമാണെന്ന ഗാന്ധിയുടെ വീക്ഷണത്തോടുള്ള ബി. ആർ അംബേദ്ക്കറിന്റെ നിലപാട് വിശകലനം ചെയ്യുക.

6. പത്തൊൻപതാം നൂറ്റാണ്ടിൽ നടന്ന യന്ത്രവൽക്കരണം എങ്ങനെയാണ് അമേരിക്കൻ ചെരുപ്പ് വ്യവസായത്തെ വിഭജിച്ചത്?

7. ‘ ഫ്രഞ്ച് കൊളോണിയലിസം, ഇംപോർട്ടട് ടെക്നോളജി ആന്റ് ദി ഹാന്റിക്രാഫ്റ്റ് ടെക്സ്റ്റൈൽ ഇൻഡസ്ട്രി ഇൻ ദി വെസ്റ്റേൺ സുഡാൻ’ എന്ന പ്രബന്ധത്തിൽ ഫ്രഞ്ച് കൊളോണിയലിസം സുഡാനിലെ പരുത്തി വ്യവസായത്തെ സ്വാധീനിച്ച രീതി വിശകലനം ചെയ്യുന്നതെങ്ങനെയാണ്?

8. സയ്യിദ് ഹുസൈൻ അലാറ്റസിന്റെ‘ ദി ഗ്രേഡിങ് ഓഫ് ഒക്ക്യുപ്പേഷണൽ പ്രസ്റ്റീജ് എമങ്ങസ്റ്റ് ദി മലായ്സ് ഇൻ മലേഷ്യ’ എന്ന പഠനത്തിന്റെ ഗവേഷണ പ്രസക്തിചർച്ച ചെയ്യുക.

9. ‘ തൊഴിൽ ചലനാത്മകതയും ജാതിയും’ എന്ന സങ്കല്പം രാജേശ്വരി ദേശ്പാണ്ഡെയുടെ ചിന്തകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

10. ഇന്ത്യൻ സമൂഹ്യപഠനങ്ങളിൽ സംസ്കാരപഠനരീതിശാസ്ത്രം നിർണായകമാകുന്നത് എങ്ങനെയാണ് ?

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.**

**(3x20=60)**

11. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ‘ സാമുദായിക തൊഴിൽ ഗ്രൂപ്പുകളുടെ പരിണാമം’ഗവേഷകർ അടയാളപ്പെടുത്തുന്നത് എങ്ങനെയാണെന്ന് അവലോകനം ചെയ്യുക.

12. കാസ്റ്റ്, നോളെഡ്ജ് ആന്റ് പവർ: വെയ്സ് ഓഫ് നോയിങ് ഇൻ ട്വന്റീൻത് സെഞ്ചുറി മലബാർ’എന്ന കൃതിയെ ആസ്പദമാക്കി ആശാരി സമുദായത്തിന്റെ തൊഴിൽ പരിണാമം വിശകലനം ചെയ്യുക.

13. സാമൂഹിക ശ്രേണീകരണത്തിന്റെ അവസ്ഥാന്തരങ്ങളെ നിർണ്ണയിക്കുന്നതിൽ കൊളോണിയലിസം, ആധുനികത, ജനാധിപത്യസങ്കല്പങ്ങളുടെ കടന്നുവരവ് തുടങ്ങിയ ആശയങ്ങളുടെ പങ്ക് വിശദമാക്കുക.

14. ആന്ദ്രെ ബെത്തെ തന്റെ ഗവേഷണത്തിൽ തഞ്ചാവൂരിലെ ജാതിഘടനയെയും ഗ്രാമീണസമൂഹത്തെയും അടയാളപ്പെടുത്തിയ രീതി വിശകലനം ചെയ്യുക.

******